# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 465 – 24/01/2018 – ലെ മറുപടിക്ക്

### കേന്ദ്രാവിഷ്കൃത പദ്ധതികൾ

**ചോദ്യം** **ഉത്തരം**

**ശ്രീ . റ്റി. വി. രാജേഷ്**

**ഡോ. ടി. എം. തോമസ് ഐസക്**
**(ധനകാര്യവും കയറും വകുപ്പുമന്ത്രി)**

| | ചോദ്യം | ഉത്തരം |
|---|---|---|
| | പല വകുപ്പുകളിൽ നിന്നും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിനിയോഗ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് കാലതാമസം നേരിടുന്നത് കണക്കിലെടുത്ത് പ്രസ്തുത പദ്ധതികളുടെ കേന്ദ്രവിഹിതം യഥാസമയം ലഭ്യമാക്കാനും അവ സമയബന്ധിതമായി വിനിയോഗിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ? | കേന്ദ്ര ഗവൺമെന്റ് കേന്ദ്രാവിഷ്കൃത പദ്ധതി/ കേന്ദ്ര പദ്ധതികൾക്കായി സംസ്ഥാനങ്ങൾക്ക് നൽകുന്ന ഫണ്ടും അവയുടെ വിനിയോഗവും നിരീക്ഷിക്കുന്നതിനായി ഒരു ഓൺ ലൈൻ സംവിധാനം (പി.എഫ്.എം.എസ്) സംസ്ഥാനങ്ങളിൽ നടപ്പിലാക്കിവരികയാണ്. ധനകാര്യവകുപ്പിന്റെ മേൽനോട്ടത്തിൽ സംസ്ഥാനത്തും കേന്ദ്ര സർക്കാരിന്റെ പി.എഫ്.എം.എസ് ഓൺ ലൈൻ സംവിധാനം ട്രഷറിയുമായി സംയോജിപ്പിച്ച് നടപ്പിലാക്കി വരികയാണ്. ഈ സംവിധാനത്തിലൂടെ കേന്ദ്രപദ്ധതികൾ പ്രകാരം ലഭിക്കുന്ന ഫണ്ടും അവയുടെ വിനിയോഗവും നിരീക്ഷിക്കുവാൻ കഴിയുന്നതാണ്. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പ് നിരീക്ഷിക്കുന്നതിനും യഥാസമയം കേന്ദ്ര സർക്കാരിൽ നിന്ന് ഫണ്ട് വാങ്ങിയെടുക്കുന്നതിനുമായി ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിൽ കോ-ഓർഡിനേഷൻ സെൽ രൂപീകരിച്ചിട്ടുണ്ട്. ഈ സെൽ വിവിധ വകുപ്പുകളുടെ യോഗങ്ങൾ വിളിച്ചുകൂട്ടുകയും കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കേണ്ട ഫണ്ടുകളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുകയും ഫണ്ട് കേന്ദ്രസർക്കാരിൽ നിന്ന് കാലതാമസം കൂടാതെ വാങ്ങിയെടുക്കുന്നതിനും കൂടുതൽ കേന്ദ്രസഹായം |

ലഭിക്കുന്നതിനുമുള്ള പദ്ധതികൾ കേന്ദ്ര സർക്കാരിലേക്ക് അയച്ചു കൊടുക്കുന്ന തിനുമുള്ള നടപടികൾ ത്വരിതപ്പെടു ത്തുകയും ചെയ്തുവരുന്നുണ്ട്.

2017-18 സാമ്പത്തിക വർഷത്തിൽ കേന്ദ്ര പദ്ധതി വിഹിതം പൂർണ്ണമായി ലഭ്യമാക്കു ന്നതിനായി പദ്ധതികൾക്കുള്ള ഭരണാനുമതി നൽകുന്നതിനും സംസ്ഥാന വിഹിതം അനുവദിക്കുന്നതിനുമുള്ള നടപടികൾ ലഘൂകരിച്ചുകൊണ്ടും സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേ ശങ്ങൾ ' ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് (കോ-ഓർഡിനേഷൻ സെൽ) പുറപ്പെടുവിച്ചിട്ടുണ്ട്.

കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കേന്ദ്ര വിഹിതം നേടിയെടുക്കുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളിലെ നോഡൽ ഓഫീസർമാരുമായും മറ്റു ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുമായും നിരന്തരം നടത്താറുള്ള അവലോകന യോഗങ്ങളിലെല്ലാം മുൻ വർഷങ്ങളിലെ വിനിയോഗ സർട്ടിഫിക്കറ്റുകൾ സമർപ്പിച്ചത് സംബന്ധിച്ചുള്ള നിജസ്ഥിതി പരിശോധിക്കുകയും കാലവിളംബം കൂടാതെ അവ സമർപ്പിക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ 2017-18 —ലെ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കേന്ദ്ര വിഹിതം പരമാവധി നേടിയെടുക്കുന്നതി ലേയ്ക്കായി തയ്യാറാക്കിയ കർമ്മ പദ്ധതിയിലെ ഇനം നമ്പർ - 5 -ൽ ഓരോ വകുപ്പും 2017 സെപ്റ്റംബർ 30-നു മുൻപായി കേന്ദ്ര വിഹിതത്തിന്റെ ആദ്യ ഗഡു പൂർണ്ണമായും വിനിയോഗിച്ച് തീർക്കാനും ആയതിന്റെ വിനിയോഗ സാക്ഷ്യ പത്രം കേന്ദ്ര മന്ത്രാലയത്തിൽ ലഭ്യമാക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

മുൻ വർഷങ്ങളിൽ കേന്ദ്രാവിഷ്കൃത പദ്ധതിയിനത്തിൽ കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കുവാനുള്ള കേന്ദ്രവിഹിതം നേടിയെടു ക്കുന്നത് സംബന്ധിച്ച് പ്രധാന വകുപ്പുകളായ പൊതു വിദ്യാഭ്യാസ വകുപ്പ്, ജല വിഭവ വകുപ്പ്, ആരോഗ്യവും കുടുംബ ക്ഷേമവും വകുപ്പ്,

| | | |
|---|---|---|
| | | പട്ടികജാതി വികസന വകുപ്പ്, തദ്ദേശ സ്വയം ഭരണ വകുപ്പ്, കോ-ഓർഡിനേഷൻ സെൽ, അക്കൗണ്ടന്റ് ജനറൽ ഓഫീസ് എന്നിവിട ങ്ങളിലെ പ്രതിനിധികളുമായി ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി അവലോകനയോഗം നടത്തുകയുണ്ടായിട്ടുണ്ട്. പ്രസ്തുത യോഗത്തിൽ വച്ച് റീ ഇംബേഴ്സ്മെന്റായി ലഭിക്കുവാനുള്ള തുക നേടിയെടുക്കുന്നതിലേയ്ക്കുള്ള നിർദ്ദേശങ്ങൾ വകുപ്പ് പ്രതിനിധികൾക്ക് നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**